**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3828** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് ലാബുകളിലെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ പരിശോധനാഫലം ലഭിക്കുന്നതിനായി നിലവിൽ എത്ര കേസുകളാണുള്ളത്; ഉദ്ഘാടനം കഴിഞ്ഞ ജില്ലാ ഫോറൻസിക് ലാബുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ വിവിധ കോടതികളിൽ നിന്നും പരിശോധനയ്ക്കായി ലഭിച്ച 16,732 കേസുകളിൽ പരിശോധന ഫലം നൽകാനുണ്ട്. ഉദ്ഘാടനം കഴിഞ്ഞ എറണാകുളം റൂറൽ, കൊല്ലം (ചാത്തന്നൂർ), മലപ്പുറം(തിരൂർ) എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുള്ള ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. |
| (ബി) | ഫോറൻസിക് ലാബുകളിൽ മതിയായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കാമോ; ഫോറൻസിക് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ? | (ബി) | ബന്ധപ്പെട്ട വിഷയങ്ങളിൽ പരിജ്ഞാനം ഉള്ളവരെയാണ് നിയമിച്ചുവരുന്നത്. ശാസ്ത്രീയ പരിശോധന നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുകയും, ടി ഫണ്ട് ഉപയോഗിച്ച് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ